©
കേരള സർക്കാർ
Government of Kerala
2017

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 6<br>Vol. VI | തിരുവനന്തപുരം, ബുധൻ<br>Thiruvananthapuram, Wednesday | 2017 സെപ്റ്റംബർ 20<br>20th September 2017<br>1193 കന്നി 4<br>4th Kanni 1193<br>1939 ഭാദ്രം 29<br>29th Bhadra 1939 | നമ്പർ<br>No. 2015 |

## കേരള സർക്കാർ

തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (അച്ചടി) നമ്പർ 61/2017/ത.സ്വ.ഭ.വ.

*തിരുവനന്തപുരം, 2017 സെപ്റ്റംബർ 15*
*1193 ചിങ്ങം 30.*

**എസ്. ആർ. ഒ. നമ്പർ 570/2017.**—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 13) 279-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് കേരള സർക്കാർ താഴെ പട്ടികയിൽ വിവരിച്ചിട്ടുള്ളതും പ്രസ്തുത ആക്റ്റിലെ 279-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നിയന്ത്രണം തിരുവനന്തപുരം ജില്ലയിലെ ഉഴമലയ്ക്കൽ ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായതും റവന്യൂ രേഖകളിൽ "സർക്കാർ-എലിയാവൂർ മാർക്കറ്റ് പുറമ്പോക്ക്" എന്ന് രേഖപ്പെടുത്തിയിട്ടുള്ളതുമായ പുറമ്പോക്ക് ഭൂമി പ്രസ്തുത ഗ്രാമപഞ്ചായത്തുമായി കൂടിയാലോചിച്ചശേഷം പ്രസ്തുത ആക്റ്റിന്റെ പരിധിയിൽനിന്നും ഇതിനാൽ ഒഴിവാക്കിയിരിക്കുന്നു.

33/3303/2017/S-6.

പട്ടിക

| | | |
|---|---|---|
| *ജില്ല* | .. | തിരുവനന്തപുരം |
| *താലൂക്ക്* | .. | നെടുമങ്ങാട് |
| *വില്ലേജ്* | .. | ഉഴമലയ്ക്കൽ |
| *ഗ്രാമപഞ്ചായത്ത്* | .. | ഉഴമലയ്ക്കൽ |
| *ബ്ലോക്ക് നമ്പർ* | .. | 50 |
| *റീ-സർവ്വേ നമ്പർ* | .. | 457/11 |
| *വിസ്തീർണ്ണം* | .. | 05.4 ആർ വസ്തു (13½ സെന്റ്) |

അതിരുകൾ

| | | |
|---|---|---|
| *വടക്ക്* | .. | ദീപ, ദീപു വക വസ്തുക്കൾ |
| *തെക്ക്* | .. | റീ-സ. നമ്പർ 457/11-ലെ ബാക്കി വസ്തു |
| *കിഴക്ക്* | .. | റീ-സ. നമ്പർ 457/11-ലെ ബാക്കി വസ്തു |
| *പടിഞ്ഞാറ്* | .. | പ്രശാന്ത്, ഫ്രാൻസിസ് വക വസ്തുക്കൾ. |

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ടി. കെ. ജോസ്,

*ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല, എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാകുന്നു.)

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിന്റെ (1994-ലെ 13) 279-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നിയന്ത്രണം ഉഴമലയ്ക്കൽ ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ഉഴമലയ്ക്കൽ വില്ലേജിൽ ബ്ലോക്ക് നമ്പർ 50-ൽ റീ-സർവ്വെ 457/11-ൽപ്പെട്ട റവന്യൂ രേഖകളിൽ "സർക്കാർ-എലിയാവൂർ മാർക്കറ്റ് പുറമ്പോക്ക്" എന്ന് രേഖപ്പെടുത്തിയിട്ടുള്ള 13½ സെന്റ് പുറമ്പോക്ക് വസ്തു ആര്യനാട് എക്സൈസ് റേഞ്ച് ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിനായി പ്രസ്തുത ആക്റ്റിലെ 279-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം പ്രസ്തുത ആക്റ്റിന്റെ പരിധിയിൽനിന്നും ഒഴിവാക്കുന്നതിന് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുമായി ആലോചിച്ചശേഷം സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2017.